LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിറവ് പദ്ധതിക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. തെരഞ്ഞെടുത്ത നിയോജക മണ്ഡലത്തിന്റെ വികസനത്തിനുവേണ്ടി സമർപ്പിക്കപ്പെടുന്ന പദ്ധതികൾ കൃഷി വകുപ്പിന്റെ സംസ്ഥാനാവിഷ്കൃതവും കേന്ദ്രാവിഷ്കൃതവുമായ പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് നിറവ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്.

(ബി) നിറവ് പദ്ധതിക്ക് മാത്രമായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(സി) സംസ്ഥാനത്തെ 86 നിയോജക മണ്ഡലങ്ങളിൽ നിറവ് പദ്ധതി നടപ്പിലാക്കാൻ അംഗീകാരം നൽകിയിട്ടുണ്ട്. ഈ നിയോജകമണ്ഡലങ്ങളിൽ കൃഷിവകുപ്പിന്റെ പദ്ധതികളെല്ലാംതന്നെ പ്രാധാന്യം നൽകി നടപ്പിലാക്കുകയും നിയോജകമണ്ഡലത്തിന്റെ സമഗ്രമായ വികസനത്തിന് ഊന്നൽ കൊടുക്കുകയും ചെയ്തിട്ടുണ്ട്. നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള നേട്ടങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

നിറവ് പദ്ധതി

173 (1548) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് നടപ്പാക്കുന്ന നിറവ് പദ്ധതിയിൽ പൊന്നാനി മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിന് അനുവദിച്ചിരുന്ന തുക എത്രയെന്ന് വിശദമാക്കുമോ;

(സി) മലപ്പുറം ജില്ലയിലെ ഓരോ നിയോജക മണ്ഡലത്തിലേക്കും നിറവ് പദ്ധതിയിൽ വകയിരുത്തിയ തുക മണ്ഡലം തിരിച്ച് വിശദമാക്കുമോ?

ഉത്തരം

(എ) 2014-15-ൽ കൃഷി വകുപ്പിന്റെ എല്ലാ സംസ്ഥാനാവിഷ്കൃത പദ്ധതികളും നിയോജക മണ്ഡലത്തിന്റെ സാദ്ധ്യത പരിഗണിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ സംക്ഷിപ്ത വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) നിറവ് പദ്ധതിക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ നിയോജക മണ്ഡലത്തിന് പ്രത്യേക തുക അനുവദിച്ചിരുന്നില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2012-13-ൽ നിറവ് പദ്ധതിക്കായി തെരഞ്ഞെടുത്ത കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽ 48.94 ലക്ഷം രൂപയുടെ പദ്ധതികൾ ആർ.കെ.വി.വൈ.-യിൽ അംഗീകരിച്ച് നൽകുകയുണ്ടായി. 2013-14-ൽ മങ്കട, കൊണ്ടോട്ടി, തിരൂരങ്ങാടി, വണ്ടൂർ, നിലമ്പൂർ, വേങ്ങര, പെരിന്തൽമണ്ണ, പൊന്നാനി എന്നീ മണ്ഡലങ്ങളും 2014-15-ൽ ഏറനാട്, വള്ളിക്കുന്ന്, താനൂർ, തിരൂർ, തവന്നൂർ എന്നീ നിയോജക മണ്ഡലങ്ങളും നിറവ് പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. നിറവ് പദ്ധതിക്കായി ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. എന്നാൽ കൃഷി വകുപ്പിന്റെ എല്ലാ സംസ്ഥാനാവിഷ്കൃത പദ്ധതികളും ഈ നിയോജക മണ്ഡലങ്ങളിലെ കാർഷിക രംഗത്തെ സമഗ്ര വികസനം ലക്ഷ്യമാക്കി നടപ്പിലാക്കിയിട്ടുണ്ട്.

അഗ്രികാർഡ് വിതരണം

174 (1549) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രജിസ്ട്രേഷൻ പൂർത്തീകരിച്ച കർഷകർക്ക് അഗ്രികാർഡ് നൽകുന്നതാണെന്ന 2014-15-ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര പേർക്കാണ് അഗ്രി കാർഡ് വിതരണം പൂർത്തിയാക്കിയിട്ടുള്ളത് എന്നറിയിക്കാമോ;

(സി) അഗ്രി കാർഡ് മുഖേന കർഷകർക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

(ബി) 9-5-2014-ലെ സ.ഉ.(സാധാ.) നമ്പർ 854/2014/കൃഷി പ്രകാരം അഗ്രികാർഡ് വിതരണം ചെയ്യുന്നതിനുള്ള നോഡൽ ബാങ്കായി കാനറാ ബാങ്കിനെ തെരഞ്ഞെടുത്തു. കർഷക ഡേറ്റാബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ കർഷകർക്കും 2014-15 സാമ്പത്തിക വർഷത്തിലെ കർഷക ദിനമായ ചിങ്ങം 1-ന് മുമ്പ് അഗ്രികാർഡുകൾ വിതരണം ചെയ്യുവാനായി കാനറാ ബാങ്കിന് നിർദ്ദേശം നൽകിയിരുന്നു. എങ്കിലും ഉദ്ഘാടന ദിവസമായ 4-3-2014-ന് 6 കർഷകർക്ക് മാത്രമേ അഗ്രികാർഡ് വിതരണം ചെയ്തിട്ടുള്ളൂ. അതിനുശേഷം കാനറാ ബാങ്ക് അഗ്രികാർഡ് വിതരണം ചെയ്തിട്ടില്ല. തുടർന്ന് 13-8-2015-ലെ സ.ഉ.(സാധാ.)

LIBRARY ARCHIVES Kerala Legislative Assembly